**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ജൂലൈ 4

# വാർത്താക്കുറിപ്പ്

---

## അക്കാദമിക രംഗത്തെ പരസ്പര സഹകരണത്തിന് ധാരണാപത്രം ഒപ്പിട്ടു

അക്കാദമിക രംഗത്തെ പരസ്പര സഹകരണത്തിന് മലേഷ്യയിലെ ലിങ്കൺ യൂണിവേഴ്സിറ്റി കോളേജും (എൽ.യു.സി.) മഹാത്മാഗാന്ധി സർവ്വകലാശാലയും തമ്മിൽ ധാരണയായി. മഹാത്മാഗാന്ധി സർവ്വകലാശാല ആസ്ഥാനത്ത് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസ്, പ്രൊ-വൈസ് ചാൻസലർ പൊഫ. (ഡോ.) സി.റ്റി. അരവിന്ദകുമാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ എം.ജി. സർവ്വകലാശാല രജിസ്ട്രാർ പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി., ലിങ്കൺ യൂണിവേഴ്സിറ്റി കോളേജ് സി.ഇ.ഒ.യും വൈസ് ചാൻസലറുമായ പൊഫ. (ഡോ.) അമിയ ഭൗമിക് എന്നിവർ ധാരണാ പത്രത്തിൽ ഒപ്പിട്ടു.

വൈസ് ചാൻസലറുടെ ചേംബറിൽ നടന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ ഹരികൃഷ്ണൻ പി., ഡോ. റോബിനറ്റ് ജേക്കബ്, മുൻ രജിസ്ട്രാർ ജോസ് ജെയിംസ് തുടങ്ങിയവർ പങ്കെടുത്തു.

**ഫോട്ടോ ക്യാപ്ഷൻ:** പരസ്പര സഹകരണത്തിന് ധാരണാപത്രം ഒപ്പിട്ട ശേഷം മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസ് ലിങ്കൺ യൂണിവേഴ്സിറ്റി കോളേജ് സി.ഇ.ഒ.യും വൈസ് ചാൻസലറുമായ പൊഫ. (ഡോ.) അമിയ ഭൗമിക് പരസ്പരം കൈമാറുന്നു.

(പി.ആർ.ഒ./39/843/2022)

## ഡിപ്ലോമ കോഴ്സ്

മഹാത്മാഗാന്ധി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ (ഐ.യു.സി.ഡി.എസ്.) ബെയ്സിക് കൗൺസലിംഗ് ആന്റ് സൈക്കോതെറാപ്പി എന്ന വിഷയത്തിൽ ജൂലൈ 25 ന് തുടങ്ങുന്ന ഡിപ്ലോമ കോഴ്സിലേക്ക് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. താല്പര്യമുള്ളവർക്ക് iucdsmgu@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481-2731580, 9746085144, 9074034419 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/844/2022)

## സീറ്റൊഴിവ്

തൊഴിൽ - ഗവേഷണ മേഖലകളിൽ ഏറെ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്ന അഡ്വാൻസ് പോളിമെറിക് മെറ്റീരിയൽസിൽ എം.ടെക്ക് ചെയ്യാൻ അവസരം. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള ഇന്റർനാഷണൽ ആന്റ് ഇന്റർ-യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോസയൻസ് ആന്റ് നാനോടെക്നോളജിയിൽ പുതുതായി ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. നാല് സെമസ്റ്ററുകളായി നടത്തുന്ന കോഴ്സുകളിൽ അവസാന രണ്ട് സെമസ്റ്ററുകൾ വിദേശ സർവ്വകലാശാലകളിൽ സ്റ്റൈപ്പന്റോടെ ഗവേഷണം നടത്തുവാൻ വരെ അവസരം ലഭിക്കും. എം.എസ്.സി. ഫിസിക്സ്, കെമിസ്ട്രി, മെറ്റീരിയൽസ് സയൻസ്, പോളിമർ സയൻസ് അല്ലെങ്കിൽ ബി.ടെക് നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി, കെമിക്കൽ എൻജിനീയറിംഗ്, പോളിമർ ടെക്നോളജി, ബയോടെക്നോളജി, മെക്കാനിക്കൽ എൻജിനീയറിംഗ് എന്നിവയിലേതെങ്കിലും ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. താല്പര്യമുള്ള വിദ്യാർത്ഥികൾക്ക് ബയോഡാറ്റ സഹിതം materials@mgu.ac.in എന്ന ഇ-മെയിൽ വഴി അപേക്ഷിക്കാം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 20. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 8281082083.

(പി.ആർ.ഒ./39/845/2022)

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ എം.പി.ഇ.എസ്. പ്രവേശനത്തിന് എസ്.സി വിഭാഗത്തിൽ മൂന്നും എസ്.ടി വിഭാഗത്തിൽ രണ്ടും സീറ്റുകൾ ഒഴിവുണ്ട്. നിശ്ചിത യോഗ്യതയുള്ളവർ ജൂലൈ 11, 10.30 ന് സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിൽ മതിയായ സർട്ടിഫിക്കറ്റുകളും രേഖകളും സഹിതം നേരിട്ട് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9447006946 എന്ന നമ്പറിൽ ബന്ധപ്പെടുക..

(പി.ആർ.ഒ./39/846/2022)

## പ്രാക്ടിക്കൽ പരീക്ഷ

ജൂണിൽ നടന്ന അഞ്ചാം സെമസ്റ്റർ എം.സി.എ. പുതിയ സ്കീം (2019 അഡ്മിഷൻ - റെഗുലർ / 2018, 2017 അഡ്മിഷനുകൾ - സപ്ലിമെന്ററി/ ലാറ്ററൽ എൻട്രി / 2019, 2018, 2017 (സ്പെഷ്യൽ ബാച്ച്) അഡ്മിഷനുകൾ - സപ്ലിമെന്ററി), അഞ്ചാം സെമസ്റ്റർ എം.സി.എ. സപ്ലിമെന്ററി - 2015 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് (അഫിലിയേറ്റഡ് കോളേജുകൾ, സി.പി.എ.എസ്.) / 2016 അഡ്മിഷൻ - സപ്ലിമെന്ററി (അഫിലിയേറ്റഡ് കോളേജുകൾ) / 2011 മുതൽ 2014 വരെയുള്ള അഡ്മിഷനുകൾ - സെക്കന്റ് മെഴ്സി ചാൻസ്, ലാറ്ററൽ എൻട്രി / 2017 അഡ്മിഷൻ (വേക്കന്റ് സീറ്റ് അഡ്മിഷൻ) - സപ്ലിമെന്ററി / 2016 അഡ്മിഷൻ - ഫസ്റ്റ് മെഴ്സി ചാൻസ് (അഫിലിയേറ്റഡ് കോളേജുകൾ, സി.പി.എ.എസ്.) / 2015 അഡ്മിഷൻ - സെക്കന്റ് മെഴ്സി ചാൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 18 മുതൽ അതത് കോളേജുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

(പി.ആർ.ഒ./39/847/2022)

## പരീക്ഷാ ഫലം

2022 ജനുവരി, 2022 ഏപ്രിൽ മാസങ്ങളിൽ നടന്ന അഞ്ച്, ആറ് സെമസ്റ്ററുകൾ സി.ബി.സി.എസ്.എസ്. ബി.കോം. (പ്രൈവറ്റ്) മോഡൽ I പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/848/2022)

2022 ജനുവരി, 2022 ഏപ്രിൽ സി.ബി.സി.എസ്.എസ്. ബി.എ. (പ്രൈവറ്റ്) അഞ്ചാം സെമസ്റ്റർ (2019 അഡ്മിഷൻ - റെഗുലർ) ആറാം സെമസ്റ്റർ (2019 അഡ്മിഷൻ - റെഗുലർ/ 2017, 2018 അഡമിഷനുകൾ - റീ-അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/849/2022)

2021 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. / ബി.എസ്.സി. മോഡൽ I, II, III - 2013 മുതൽ 2016 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/850/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (സി.എസ്.എസ്. - റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/851/2022)

2020 ഡിസംബറിൽ നടത്തിയ ബി.ടെക് ആറ്, ഏഴ്, എട്ട് സെമസ്റ്ററുകൾ (2010 മുതലുള്ള അഡ്മിഷൻ - സപ്ലിമെന്ററി/ മെഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കുമുള്ള അപേക്ഷ യഥാക്രമം 790 രൂപ, 160 രൂപ നിരക്കിലുള്ള ഫീസ് സഹിതം ജൂലൈ 18 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സ്വീകരിക്കും.

(പി.ആർ.ഒ./39/852/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.ഡബ്ല്യു (2020 അഡ്മിഷൻ - റെഗുലർ / 2019 അഡ്മിഷൻ - സപ്ലിമെന്ററി / റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/853/2022)

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ് ഏപ്രിലിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് (2021-23 ബാച്ച് - റെഗുലർ, സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/854/2022)

സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസ് 2021 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ടെക് എനർജി സയൻസ് ആന്റ് ടെക്നോളജി (2020-22 ബാച്ച് , സയൻസ് ആന്റ് ടെക്നോളജി ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/855/2022)

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ. എഡ്യൂക്കേഷൻ (എഡ്യൂക്കേഷൻ ഫാക്കൽറ്റി, 2019 അഡ്മിഷൻ - റെഗുലർ / 2018 അഡ്മിഷൻ - സപ്ലിമെന്ററി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ./39/856/2022)

2021 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി (സി.എസ്.എസ്. - റെഗുലർ / സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/857/2022)

2021 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.ബി.എ. / ബി.സി.എ./ ബി.ബി.എം./ ബി.എഫ്.ടി./ ബി.എസ്.ഡബ്ല്യൂ./ ബി.പി.ഇ./ ബി.ടി. സ്. (മോഡൽ III (ന്യൂ ജനറേഷൻ) 2013 മുതൽ 2016 വരെയുള്ള അഡ്മിഷനുകൾ - റീ-അപ്പിയറൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും നിശ്ചിത ഫീസടച്ച് ജൂലൈ 18 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/858/2022)

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ് )
അനിൽകുമാർ ജി.